# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5245** **27-6-2019 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃകാര്യ വകുപ്പിന്റെ സേവന പ്രവർത്തനങ്ങൾ**

**ചോദ്യം** **മറുപടി**

**ശ്രീ. മുല്ലക്കര രത്നാകരൻ :**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സേവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഉപഭോക്തൃകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് ഉപഭോക്തൃ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എല്ലാ ജില്ലകളിലും ഉപഭോക്തൃ സഹായകേന്ദ്രങ്ങൾ തുടങ്ങുവാൻ നിശ്ചയിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഉപഭോക്തൃ സഹായകേന്ദ്രം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ഉപഭോക്തൃ സഹായകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഉപഭോക്തൃ സഹായകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ ഒൻപതാം വകുപ്പ് പ്രകാരം ഉപഭോക്താവിനുള്ള പരാതിയ്ക്ക് പരിഹാരം തേടുന്നതിന് സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാതലത്തിൽ, പതിനാല് ജില്ലാ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ഉപഭോക്താവിന് കുറഞ്ഞ ചെലവിൽ കുറഞ്ഞ കാലയളവിൽ പരാതിക്ക് പരിഹാരം തേടാവുന്നതാണ്. കമ്മീഷനിലും ഫോറങ്ങളിലും ഉപഭോക്താവിന് നേരിട്ട് പരാതി ഫയൽ ചെയ്യാവുന്നതാണ്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ക്യാംപ് സിറ്റിംഗ് എല്ലാ മാസവും എറണാകുളത്ത് നടത്തി വരുന്നുണ്ട്. വടക്കൻ ജില്ലകളിലെ ഉപഭോക്താക്കളുടെ യാത്രാ ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കും, കേസുകൾ |

| | | | |
|---|---|---|---|
| | | | വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിലേയ്ക്കുമാണ് ഇത്തരം സിറ്റിംഗ് നടത്തി വരുന്നത്.<br>ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിന്നും നൽകി വരുന്ന പായ്ക്കർ/ ഇംപോർട്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അളവുതൂക്ക ഉപകരണങ്ങളുടെ നിർമ്മാണ, വിതരണ, റിപ്പയർ ലൈസൻസുകൾ എന്നിവ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെൻറ് സിസ്റ്റം (LMOMS) എന്ന പോർട്ടൽ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്.<br>പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ, കാൾ സെന്റർ, ജി.പി.എസ് അധിഷ്ഠിത വാഹനങ്ങൾ, 0471-155300/9400198198 എന്ന ടോൾ ഫ്രീ നമ്പർ എന്നിവ വകുപ്പിൽ നിലവിലുണ്ട്. കൂടാതെ നവ മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ടിറ്റർ എന്നിവയിൽ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ